8601
8/3/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദ സഞ്ചാര വകുപ്പ് - കണ്ണൂർ ജില്ലയിലെ മുഴിപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം എന്ന KIIFB പദ്ധതിക്ക് സെന്റേജ് ചാർജ് 3% ൽ നിന്ന് 6.25% ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (എ) വകുപ്പ്

സ.ഉ.(കൈ) നം.4/2021/ടൂറിസം തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 സ.ഉ(പി) നം.61/2017/ധന തിയതി 9/5/2017
2 സ.ഉ(സാധാ) 89/2019/ടൂറിസം തീയതി 1/3/2019
3 സ.ഉ(സാധാ) നം. 395/2019/ടൂറിസം തീയതി 13/11/2019
4 സ.ഉ(സാധ) നം.170/2019/ധന തീയതി 13/12/2019
5 സ.ഉ(പി) നം.23/2020/ടൂറിസം തീയതി 20/1/2020
6 വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 15/7/2020, 4/1/2021 തീയതികളിലെ P8(P5) 15031/2018, P3(P8)15031/2018നം. കത്തുകൾ

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട DPR തയ്യാറാക്കുന്നതുൾപ്പെടെ കൺസൾട്ടൻസി ഏജൻസിയെ തെരഞ്ഞെടുക്കുവാനായി RFP സർക്കാർ അംഗീകരിക്കുകയും ആയതു പ്രകാരം ഇവാലുവേഷൻ കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ കൺസൾട്ടൻസി ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി ബിഡ് ക്ഷണിക്കുകയും ചെയ്തു. ആയതു പ്രകാരം 3 ഏജൻസികൾ ഫിനാൽഷ്യൽ ബിഡ് തുറക്കുന്നതിനുള്ള യോഗ്യത നേടുകയും ഏറ്റവും കൂടുതൽ സ്കോർ നേടിയ M/s CBRE South Asia Pvt Ltd -നെ കൺസൽട്ടൻസിയായി തെരഞ്ഞെടുത്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് M/s CBRE South Asia Pvt Ltd ഉം ടൂറിസം വകുപ്പും ചേർന്ന് കരാർ ഒപ്പുവക്കുകയും കരാർ പ്രകാരം M/s CBRE South Asia Pvt Ltd നൽകുന്ന സേവനങ്ങൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 6.25 % തുക ഫീസിനത്തിൽ വിവിധ ഘട്ടങ്ങളിലായി നൽകണമെന്ന് വ്യവസ്ഥ ഉണ്ടാക്കുകയും ചെയ്തു.

തുടർന്ന് പരാമർശം (3) ലെ ഉത്തരവ് പ്രകാരം "കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം " എന്ന പദ്ധതിക്ക് 233,70,65,500/- രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി സർക്കാർ നൽകുകയും ഈ പദ്ധതി KIIFB വഴി നടപ്പിലാക്കുവാൻ ഉത്തരവാകുകയും ചെയ്തു. പരാമർശം (5) ലെ ഉത്തരവ് പ്രകാരം പദ്ധതിയുടെ SPV ആയി M/s KIIDC നെ തിരഞ്ഞെടുക്കുയും ചെയ്തു. പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസി എന്നതാണ് KIIDC ൻറെ പ്രധാന ചുമതല .

പരാമർശം (4) ലെ ഉത്തരവ് പ്രകാരം ടൂറിസം ഇൻഫ്രാസ്ട്രക്ചർ കൺസൽട്ടൻസികൾക്ക് ( Rs. 100 to Rs. 250 crores projects) നൽകാനുള്ള സെന്റേജ് ചാർജ്ജ് 3% മായി നിജപ്പെടുത്തിയിട്ടുണ്ടെന്നും അതുപ്രകാരം എസ്റ്റിമേറ്റ് തുകയുടെ 3% സെന്റേജ് ചാർജായി കിഫ്ബി KIIDC ന് നൽകി വരുന്നുണ്ടെന്നും എന്നാൽ M/s CBRE South Asia Pvt Ltd എന്ന ഏജൻസിയെ ഇതിനോടകം തന്നെ കൺസൽട്ടന്റായി നിയമിച്ച് കഴിഞ്ഞതിനാലും അവരുടെ സേവനം ലഭ്യമാക്കി വരുന്നതിനാലും അവർക്ക് നൽകുവാനുള്ള കൺസൾട്ടൻസി ഫീസ് ഡിപ്പാർട്ട്മെന്റിന്റെ 5452-01-101-99-00-34-03-pv Upgradation , Creation of Infrastructure and Amenities (plan) എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള അനുമതി നൽകണമെന്നും അല്ലാത്ത പക്ഷം ഈ തുക പരാമർശം (4) ലെ സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം കിഫ്ബിയുടെ അംഗീകാരത്തോടെ capitalize ചെയ്ത് പ്രോജക്ട് തുകയോട് കൂട്ടി കിഫ്ബി വഴി കൺസൽട്ടന്റിന് നൽകുവാൻ നടപടി സ്വീകരിക്കണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർഥിച്ചു. കൂടാതെ കിഫ്ബി പദ്ധതിയെന്ന നിലയ്ക്ക് ടി പദ്ധതിയുടെ SPV ആയി (PMC) ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസിയായ M/s KIIDC നെ തെരഞ്ഞെടുക്കുകയും പരാമർശം (4) പ്രകാരം KIIDC നുള്ള സെന്റേജ് ചാർജ് 3% ആയി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ M/s CBRE South Asia Pvt Ltd ൽ നിക്ഷിപ്തമായ സേവനങ്ങളിൽ നിന്നും പദ്ധതിയുടെ PMC എന്ന സേവനം ഒഴിവാക്കിക്കൊണ്ടും കരാർ പ്രകാരം M/s CBRE South Asia Pvt Ltd നൽകുന്ന മറ്റ് സേവനങ്ങൾക്ക് സെന്റേജ് ചാർജ് 6.25 % നിന്നും 3.25% ആയി കുറച്ചുകൊണ്ടും ഉത്തരവാകണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (6) ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം' എന്ന KIIFB പദ്ധതിക്ക് സെന്റേജ് ചാർജ് 3% നിന്ന് 6.25% ആയി വർദ്ധിപ്പിച്ച് കൊണ്ടും ടി പദ്ധതിയുടെ പ്രത്യേക ഉദ്ദേശ്യ ഏജൻസിയായി (SPV) KIIDC നെ 3% സെന്റേജ് ചാർജിൽ തെരഞ്ഞെടുത്ത സാഹചര്യത്തിൽ ആദ്യ കൺസൽട്ടൻസി ഏജൻസിയായ M/s CBRE South Asia Pvt Ltd ൽ നിക്ഷിപ്തമായിരുന്ന സേവനങ്ങളിൽ നിന്നും പദ്ധതിയുടെ PMC എന്ന സേവനം ഒഴിവാക്കിക്കൊണ്ടും M/s CBRE South Asia Pvt Ltd ന് നൽകുവാനുള്ള സെന്റേജ് ചാർജ് ടൂറിസം വകുപ്പിന്റെ '5452-01-101-99-00-34-03 PV Upgradation, Creation of Infrastructure and Amenities (Plan)' എന്ന പ്ലാൻ ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച് വിനോദസഞ്ചാരവകുപ്പ് ഡയറക്ടറും , M/s CBRE South Asia Pvt Ltd ഉം മുമ്പുണ്ടാക്കിയ കരാർ റദ്ദാക്കി പകരം പദ്ധതിയുടെ ആകെ സെന്റേജ് ചാർജ് 6.25% ന് ഉള്ളിൽതന്നെ നിലനിർത്തികൊണ്ട് വിനോദസഞ്ചാരവകുപ്പ് ഡയറക്ടറും , M/s CBRE South Asia Pvt Ltd ഉം KIIDC ഉം ചേർന്ന് ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

M/s CBRE South Asia Pvt Ltd , Ground Floor, PTI building, 4, Parliament Street, New

Delhi-122002

Managing Director. Kerala Irrigation Infrastructure Development Corporation, Thiruvananthapuram

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം - 695 001

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - 695 001

പൊതുഭരണ (എസ്. സി.) വകുപ്പ് (24-02-2021ലെ ജനം നമ്പർ: 4806 പ്രകാരം)

ധനകാര്യ (വ്യയം ബി) വകുപ്പ് ( Vide No.1602521/Exp-B3/303/2020/Fin )

വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി/കരുതൽ ഫയൽ (നമ്പർ: ടൂർ എ2/264/2019 - ടൂർ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. ടൂർ-എ2/264/2019-ടൂർ. ഇനം നം: 4806

വിഷയം : വിനോദ സഞ്ചാര വകുപ്പ് - കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ച് ടൂറിസം വികസനം പദ്ധതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ (1) അംഗീകരിച്ചു.

2(a) & 2(b). ആകെ സെന്റേജ് ചാർജ്ജ് 6.25%-ന് ഉള്ളിൽതന്നെ നില നിർത്തിക്കൊണ്ട് കരാർ ഉണ്ടാക്കേണ്ടതാണെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വിനോദ സഞ്ചാര വകുപ്പ്.

4806

**കേരള സർക്കാർ**

(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ | : | ടൂർ എ 2/264/2019-ടൂർ |
| 2. | വകുപ്പ് | : | വിനോദ സഞ്ചാര (എ) വകുപ്പ് |
| 3. | വിഷയം | : | കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ച് ടൂറിസം വികസന പദ്ധതി |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയിതി | : | 16.02.2021 |
| 5. | (എ) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : | അതെ |
| | ബി) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ടി. ആർ. ജയപാൽ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി റാണി ജോർജ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.02.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.02.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22.02.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.02.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട KIIFB പദ്ധതിയുടെ DPR തയ്യാറാക്കുന്നത് ഉൾപ്പെടെ കൺസൾട്ടൻസിക്ക് M/s CBRE South Asia Pvt Ltd ന് 3.25% സെന്റേജ് ചാർജ്ജും പദ്ധതിയുടെ PMC ആയി സേവനം നൽകുന്ന പദ്ധതിയുടെ SPV ആയ KIIDC ന് 3% സെന്റേജ് ചാർജ്ജും ഉൾപ്പെടെ 6.25% സെന്റേജ് ചാർജ് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട കൺസൾട്ടൻസി ഏജൻസിയെ തെരഞ്ഞെടുക്കുവാനായി RFP സർക്കാർ അംഗീകരിക്കുകയും ആയതു പ്രകാരം ഇവാല്യവേഷൻ കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ കൺസൾട്ടൻസി ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി ബിഡ് ക്ഷണിക്കുകയും ചെയ്തു. ആയതു പ്രകാരം 3 ഏജൻസികൾ ഫിനാൽഷ്യൽ ബിഡ് തുറക്കുന്നതിനുള്ള യോഗ്യത നേടുകയും ചെയ്തു. ഏറ്റവും കൂടുതൽ സ്കോർ നേടിയ M/s CBRE South Asia Pvt Ltd -നെ കൺസൽട്ടൻസിയായി തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുയുമുണ്ടായി.

01.03.2019 ലെ സ.ഉ(സാധാ)നം.89/2019/ടൂറിസം പ്രകാരം M/s CBRE South Asia Pvt Ltd നെ "കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം " എന്ന പദ്ധതിയുടെ കൺസൽട്ടൻസിയായി തെരഞ്ഞെടുത്തു. തുടർന്ന് M/s CBRE South Asia Pvt Ltd ഉം ടൂറിസം വകുപ്പും ചേർന്ന് കരാർ ഒപ്പുവക്കുകയും ചെയ്തിരുന്നു. കരാർ പ്രകാരം M/s CBRE South Asia Pvt Ltd നൽകുന്ന സേവനങ്ങൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 6.25 % തുക ഫീസിനത്തിൽ വിവിധ ഘട്ടങ്ങളിലായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇതനുസരിച്ച് 50 ലക്ഷം രൂപ പ്രാരംഭ പ്രവർത്തനങ്ങൾക്കായി M/s CBRE South Asia Pvt Ltd ന് ടൂറിസം വകുപ്പിൽ നിന്നും നൽകിയിട്ടുണ്ടെന്ന് ടൂറിസം ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് മേൽ പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചു. 8.8.2016 ലെ സ.ഉ(എം.എസ്)നം.315/2016/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കിഫ്ബി ധനസഹായം ലഭിക്കേണ്ട പദ്ധതികൾക്ക് ഭരണവകുപ്പ് തത്വത്തിലുള്ള അനുമതി

നൽകേണ്ടതുണ്ട്. 13/11/2019 ലെ സ.ഉ(സാധാ)നം. 395/2019/ടൂറിസം പ്രകാരം മേൽ പദ്ധതിക്കായി 233,70,65,500/- രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി സർക്കാർ നൽകുകയും ഈ പദ്ധതി KIIFB വഴി നടപ്പിലാക്കുവാൻ ഉത്തരവാകുകയും ചെയ്തു. 20.01.2020 ലെ സ.ഉ(സാധാ)23/2020/ടൂറിസം പ്രകാരം പദ്ധതിയുടെ SPV ആയി M/s KIIDC യെ തിരഞ്ഞെടുക്കുയും ചെയ്തു. പദ്ധതിയുടെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽട്ടൻസി എന്നതാണ് KIIDC ന്റെ പ്രധാന ചുമതല .

13/12/2019 ലെ സ.ഉ (പി) നം. 170/2019/ Fin പ്രകാരം ടൂറിസം ഇൻഫ്രാസ്ട്രക്ചർ കൺസൽട്ടൻസികൾക്ക് ( Rs. 100 to Rs. 250 crores projects) നൽകാനുള്ള സെന്റേജ് ചാർജ്ജ് 3% മായി നിജപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം എസ്റ്റിമേറ്റ് തുകയുടെ 3% സെന്റേജ് ചാർജായി കിഫ്ബി KIIDC ന് നൽകി വരുന്നുണ്ട്. എന്നാൽ M/s CBRE South Asia Pvt Ltd എന്ന ഏജൻസിയെ ഇതിനോടകം തന്നെ കൺസൽട്ടന്റായി നിയമിച്ച കഴിഞ്ഞതിനാലും അവരുടെ സേവനം ലഭ്യമാക്കി വരുന്നതിനാലും അവർക്ക് നൽകുവാനുള്ള കൺസൾട്ടൻസി ഫീസ് ഡിപ്പാർട്ട്മെന്റിന്റെ 5452-01-101-99-00-34-03-pv Upgradation , Creation of Infrastructure and Amenities (plan) എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും അനുവദിച്ച നൽകുന്നതിനുള്ള അനുമതി നൽകണമെന്നും അല്ലാത്ത പക്ഷം ഈ തുക 13.12.2019 ലെ GO(P) No. 170/2019/Fin നമ്പർ സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം കിഫ്ബിയുടെ അംഗീകാരത്തോടെ capitalize ചെയ്ത് പ്രോജക്റ്റ് തുകയോട് കൂട്ടി കിഫ്ബി വഴി കൺസൽട്ടന്റിന് നൽകുവാൻ നടപടി സ്വീകരിക്കണമെന്ന് ടൂറിസം ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

M/s CBRE South Asia Pvt Ltd എന്ന് ഏജൻസിക്ക് കൺസൽട്ടൻസി ഫീസ് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

" The consultacy fee can be made from the head of account of Tourism Department. This has the approval of Hon'ble Minister (Finance) "

കിഫ്ബി പദ്ധതിയെന്ന നിലയ്ക്ക് ടി പദ്ധതിയുടെ കൺസൽട്ടൻസിയായി (PMC) ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസിയായ M/s KIIDC നെ

തെരഞ്ഞെടുക്കുകയും GO(P) No. 170/2019/Fin dated 13/12/2019 പ്രകാരം KIIDC നുള്ള സെന്റേജ് ചാർജ് 3% ആയി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ M/s CBRE South Asia Pvt Ltd ൽ നിക്ഷിപ്തമായ സേവനങ്ങളിൽ നിന്നും പദ്ധതിയുടെ (PMC) എന്ന സേവനം ഒഴിവാക്കിക്കൊണ്ടും കരാർ പ്രകാരം M/s CBRE South Asia Pvt Ltd നൽകുന്ന മറ്റു സേവനങ്ങൾക്ക് സെന്റേജ് ചാർജ്ജ് 6.25% നിന്നും 3.25% ആയി നിജപ്പെടുത്താമെന്നതിനാൽ ടൂറിസം വകുപ്പും M/s CBRE South Asia Pvt Ltd ഉം ഒപ്പു വച്ച കരാർ പ്രകാരമുള്ള സെന്റേജ് ചാർജ് 3.25 ആയി കുറച്ചുകൊണ്ടും ഉത്തരവാകണമെന്നു വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വീണ്ടും അഭ്യർത്ഥിക്കുകയുണ്ടായി.

കിഫ്ബി ടൂറിസം പ്രോജക്ടുകളിൽ SPV ക്ക് നൽകേണ്ട സെന്റേജ് ചാർജ് (100 കോടി മുതൽ 250 കോടി വരെ പദ്ധതികൾക്ക്) 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിജപ്പെടുത്തിയ നിരക്കിനേക്കാൾ കൂടുതലായി സെന്റേജ് ചാർജ് SPV ക്ക് നൽകണമെങ്കിൽ മന്ത്രിസഭായോഗത്തിന്റെ അംഗീകാരം ആവശ്യമാണ് എന്ന് 09.05.2017 ലെ (P)61/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ "കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം" എന്ന KIIFB പദ്ധതിയുടെ SPV ആയ KIIDC ന് കിഫ്ബി ഫണ്ടിൽ നിന്നും 3% സെന്റേജ് ചാർജ്ജും ടി പദ്ധതിയുടെ കൺസൽട്ടൻസിയായ M/s CBRE South Asia Pvt Ltd ന് (സെന്റേജ് ചാർജ്ജ് 6.25% ൽ നിന്നും 3.25% ആയി കുറച്ചുകൊണ്ട്) ടൂറിസം വകുപ്പിന്റെ '5452-01-101-99-00 - 34-03 PV Upgradation , Creation of Infrastructure and Amenities (Plan)' എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും 3.25% സെന്റേജ് ചാർജ്ജും ഉൾപ്പെടെ 6.25% സെന്റേജ് ചാർജ് നൽകാൻ മന്ത്രിസഭയുടെ അംഗീകാരം ആവശ്യമുണ്ട്.

മേൽ വിഷയം ബഹു. മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1) 'കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം'എന്ന പദ്ധതിക്ക് 3.12.2019 ലെ സ.ഉ (പി) 170/2019/ധന പ്രകാരം നിജപ്പെടുത്തിയ 3% സെന്റേജ് ചാർജ് ( 100 കോടി മുതൽ 250 കോടി പദ്ധതികൾക്ക്) 6.25% ആയി വർദ്ധിപ്പിച്ച് അനുവദിക്കാമോ ?

2) a) അങ്ങനെയാണെങ്കിൽ ടി പദ്ധതിയുടെ പ്രത്യേക ഉദ്ദേശ്യ ഏജൻസിയായി (PMC) KIIDC നെ 3% സെന്റേജ് ചാർജിൽ തെരഞ്ഞെടുത്ത സാഹചര്യത്തിൽ ആദ്യ കൺസൽട്ടൻസി ഏജൻസിയായ M/s CBRE South Asia Pvt Ltd ൽ നിക്ഷിപ്തമായിരുന്ന സേവനങ്ങളിൽ നിന്നും പദ്ധതിയുടെ (PMC) എന്ന സേവനം ഒഴിവാക്കികൊണ്ടും സെന്റേജ് ചാർജ് 6.25% ൽ നിന്ന് 3.25% ആയി കുറച്ചുകൊണ്ടും M/s CBRE ക്ക് നൽകുവാനുള്ള ഈ തുക ടൂറിസം വകുപ്പിന്റെ '5452-01-101-99-00-34-03 PV Upgradation, Creation of Infrastructure and Amenities (Plan)' എന്ന പ്ലാൻ ശീർഷകത്തിൽ നിന്ന് അനുവദിച്ചു നൽകാമോ?

b) ഇതു സംബന്ധിച്ച് ടൂറിസം വകുപ്പും ഡയറക്ടറും M/s CBRE South Asia Pvt Ltd ഉം ചേർന്ന് മുമ്പുണ്ടാക്കിയ കരാർ റദ്ദാക്കി പകരം ടൂറിസം ഡയറക്ടറും , M/s CBRE South Asia Pvt Ltd ഉം KIIDC- ഉം ചേർന്ന് ഒരു തൃകക്ഷി കരാർ ഉണ്ടാക്കുകയോ, ജോലിയുടെ വ്യാപ്തി ,സെന്റേജ് ചാർജ് എന്നിവ സംബന്ധിച്ച് ഉപ കരാർ ഉണ്ടാക്കുകയോ ചെയ്യാമോ ?

**GOVERNMENT OF KERALA**
(Shri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | Tour A2/264/2019/ - Tour |
| 2. | Department | : | Tourism (A) Department |
| 3. | Subject | : | Comprehensive Development of Muzhappilangad Dharmadom Beach in Kannur Dist |
| 4. | Date of Chief Minister's order for placing before the Council | : | 16.02.2021 |
| 5. | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | :<br><br>: | Yes<br><br>Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Sri. T. R. Jayapal |
| 8. | Name of Principal Secretary who approved the Draft Note | : | Smt. Rani George |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 19.02.2021 |
| 10. | Name of the Chief Secretary who approved the Draft Note | : | Dr. Vishwas Mehta |
| 11. | Date of Approval of the Draft Note for the Council by the Chief Secretary | : | 20.02.2021 |
| 12. | Name of Minister who approved the Draft Note | : | Sri. Kadakampalli Surendran |
| 13 | Date of approval of the Draft Note for the Council by the Minister | : | 22.02.2021 |
| 14. | Date of submission of fair copies | : | 22.02.2021 |
| 15. | Date of the decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

## Note for the Council of Ministers

This note relates to getting the approval to provide centage charge of 6.25% for the KIIFB project "Comprehensive Development of Muzhuppilangad- Dharmadom beaches in Kannur district", out of which 3.25% would be provided to M/s CBRE South Asia Private Limited for consultancy including DPR Preparation and 3% to KIIDC, the SPV for the Project which would function as the PMC.

Government had approved the RFP document for selection of Overall Consultancy agency for the Comprehensive Development of Muzhuppilangad – Dharmadom Beaches in Kannur District. Accordingly, an evaluation committee was constituted and bids were invited to select the consultancy agency for the above project. Three agencies qualified for their financial bid opening. M/s CBRE South Asia Private Limited secured the highest score and Director had requested Government to issue orders approving the selection of M/s CBRE South Asia Private Limited.

As per GO(Rt)No. 89/2019/TSM dated 1/3/2019 CBRE, South Asia Private Ltd , New Delhi has been selected as Overall Project Management Consultancy for the DPR preparation, Architectual, PMC for the project- Comprehensive Development of Muzhuppilangad- Dharmadam beaches in Kannur district . Accordingly Department of Tourism & CBRE South Asia Private Ltd had executed an Agreement by which the fees payable for the consultancy service has been fixed as 6.25% of the actual cost of execution of the work. The Director, Tourism Department has reported that Department of Tourism has already paid Rs. 50 lakhs to M/s CBRE South Asia Private Ltd so far in this regard.

It was decided later that the Project would be funded by KIIFB. As per the guidelines in GO(MS) No. 315/2016/Fin dated 8/8/2016 the Administrative Department have to issue inprinciple Administrative Sanction for availing financial assistance from KIIFB for the projects announced in Budget Speech. Accordingly as per GO(Rt)No. 395/2019/TSM dated 13/11/2019, Government have accorded inprinciple Administrative Sanction for the project- "Comprehensive Development Muzhuppilangad- Dharmadom Beaches in Kannur district", at a total cost of Rs.233,70,65,500/- for availing financial assisstance from KIIFB. Vide G.O(Rt) No.

23/2020/TSM dated 20/1/2020 Government have entrusted Government accredited agency M/s KIIDC as SPV for the implentation of the project, and main scope of service of KIIDC is to be the PMC of the project.

As per GO(P) No. 170/2019/Fin dated 13.12.2019 the centage charge to the SPV ie to KIIDC is fixed as 3% (Rs. 100 to 250 crores projects) and KIIFB is giving 3% centage charge directly to KIIDC. As CBRE has already been selected as consultancy for the project and their services availed, Director of Tourism has requested Government either to meet consultancy fee for M/s CBRE South Asia Private Ltd from the Plan Head of Account of Tourism Department ( 5452-01-101-99-00-34-03 PV Upgradation Creation of Infrastructure and Amenities(Plan)) or excess charges over and above the centage charge of 3% may be capitalized and added to the project cost with the approval of the KIIFB ( as mentioned in GO(P) No.170/2019/Fin dated 13.12.2019).

The Finance Department has opined as follows on the matter of paying consultancy fees to M/s CBRE South Asia Private Ltd.

" The consultancy fee can be made from the head of account of Tourism Department. This has the approval of the Hon'ble Minister (Finance)".

As this project is a KIIFB assisted project, the SPV has to be a Government accredited agency and KIIDC has been selected as SPV and their scope of work is to be the PMC of the project with centage charge fixed as 3% (vide GO (P) No.170/2019/Fin dated 13.12.2019 ), As KIIDC has been selected as the SPV (PMC) for the project, the Director of Tourism has again requested Government to issue orders to exempt the service as PMC from the scope of CBRE and to reduce the percentage of consultancy charge due to M/s CBRE South Asia Private Limited from 6.25% to 3.25% .

The eligible centage charges to SPV for tourism infrastructure KIIFB project is fixed as 3% ( 100 crore to 250 projects crore) . As per GO(P)No. 61/2017/Fin dated 9.5.2017 , Council decision is necessary for paying centage charge above the fixed limit. Hence approval is required for the centage charge of 6.25% for the project "Comprehensive Development of Muzhuppilangad- Dharmadom beaches in Kannur district", and out of that provide 3% of centage charge from KIIFB funds to SPV KIIDC and provide the balance 3.25% of the centage charge to the consultancy M/s CBRE South Asia Pvt Limited from the Plan Head of the Toursim Department ' 5452-01-101-99-00-34-03 PV Upgradation, Creation of Infrastructure and Amenities (Plan).' by reducing their consultancy fee from 6.25% to 3.25%.

The Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

1) Whether centage charge of 6.25% may be approved for the KIIFB Project - "Comprehensive Development of Muzhuppilangad- Dharmadom beaches in Kannur district." by enhancing the approved rate of 3% for KIIFB Projects (Rs. 100 to 250 Crores) fixed as per GO(P) No.170/2019/Fin dated 3.12.2019.

2) If so a) whether sanction may be accorded to exempt the service as PMC from the scope of M/s CBRE South Asia Private Ltd and already approved consultancy charge to CBRE may be reduced from 6.25% to 3.25% ( as KIIDC has been selected as SPV (PMC) for the project with centage charge of 3% ) and expenditure may be met from the Plan head of of Tourism Department. '5452-01-101-99-00-34-03 PV Upgradation, Creation of Infrastructure and Amenities (Plan)'.

b) Whether a tripartite agreement may be entered into by the Director Tourism Department, M/s CBRE South Asia Private Limited and KIIDC in this regard by cancelling the already existing agreement or a subsidiary agreement may be made regarding scope of work and centage charge.